# ഡിപ്ലോമ ഇൻ എലിമെന്ററി എജ്യുക്കേഷൻ

## DIPLOMA IN ELEMENTARY EDUCATION D.El.Ed.

സെമസ്റ്റർ - 2

## പേപ്പർ - 208 കല, പ്രവൃത്തി വിദ്യാഭ്യാസം, ബോധനശാസ്ത്രം

യൂണിറ്റ് - 1 രേഖകൾ, വർണങ്ങൾ

യൂണിറ്റ് - 2 ഗീതവും വാദ്യവും

യൂണിറ്റ് - 3 കാമറയുടെ കല

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ
പരിശീലന സമിതി (SCERT)

# യൂണിറ്റ് 1
# പ്രവൃത്തിവിദ്യാഭ്യാസം - പ്രൈമറി പാഠ്യപദ്ധതി

ബൗദ്ധികവും നൈപുണീപരവുമായ വികാസമേഖലകളെ പോഷിപ്പിക്കുന്ന ഒരു വിഷയം എന്ന നിലയിൽ പ്രവൃത്തിപഠനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ സംബന്ധിച്ചും ദേശീയ പാഠ്യപദ്ധതി രൂപകല്പന ചെയ്തിരിക്കുന്ന ജീവിതബന്ധിയായ ആറ് പ്രവൃത്തിമേഖലകളെക്കുറിച്ചും ഇതിനകം മനസ്സിലാക്കിയിട്ടുണ്ടല്ലോ? ഓരോ പ്രവർത്തനവും ഏതുതരത്തിലാണ് ഈ വിശാല മേഖലാ വിഭജനവുമായി പൊരുത്തപ്പെട്ടു പോകുന്നത് എന്ന് നമുക്ക് പരിശോധിക്കേണ്ടതുണ്ട്. അതോടൊപ്പം പ്രൈമറി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പഠനനേട്ടങ്ങളെ വിശകലനം ചെയ്ത് അവയിൽ ഉൾചേർന്നു വരുന്ന ആശയപരവും നൈപുണീപരവുമായ അംശങ്ങൾ കണ്ടെത്താനും പഠനപ്രക്രിയയിൽ അതിന് മതിയായ ഊന്നൽ നൽകാനും ഈ അധ്യായത്തിന്റെ പഠനത്തിലൂടെ നിങ്ങൾക്ക് കഴിയണമെന്ന് പ്രതീക്ഷിക്കുന്നു.

## പഠനനേട്ടങ്ങൾ

- പ്രവൃത്തി വിദ്യാഭ്യാസത്തിന്റെ പ്രൈമറി പാഠ്യപദ്ധതിയെക്കുറിച്ച് വിശദീകരിക്കുന്നു.
- പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു വരുന്ന ആശയങ്ങൾ, നൈപുണികൾ എന്നിവ മറ്റു വിഷയങ്ങളുമായി ബന്ധിപ്പിച്ച് രേഖപ്പെടുത്തുന്നു.
- മറ്റു വിഷയങ്ങളുടെ പാഠപുസ്തകങ്ങൾ വിശകലനം നടത്തി പ്രവൃത്തി പഠനസാധ്യതകൾ കണ്ടെത്തി ക്രോഡീകരിക്കുന്നു. പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

## പ്രധാന ആശയങ്ങൾ

- പ്രവൃത്തിപഠന പ്രവർത്തനങ്ങൾ എല്ലാം തന്നെ ഏതെങ്കിലും ഒരു മേഖലയിലോ ഒന്നിലധികം മേഖലകളിലോ ഉൾപ്പെട്ടിരിക്കുന്നു.
- ഓരോ പ്രവർത്തനത്തിലും വ്യത്യസ്തമായ ആശയങ്ങളും നൈപുണികളും ഉൾചേർത്തിരിക്കുന്നു. ഇവയെ ഇതര വിഷയങ്ങളുമായി ബന്ധിപ്പിക്കാൻ കഴിയും.
- പാഠപുസ്തകങ്ങളിലെ മിക്ക പ്രവർത്തനങ്ങളും പ്രവൃത്തി വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്താവുന്നതാണ്.
- പ്രവൃത്തിവിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഇതര വിഷയങ്ങളുടെ പഠനത്തെ പരിപോഷിപ്പിക്കുന്നു.
- ബന്ധിപ്പിച്ചുള്ള അധ്യാപനപഠനം കൂടുതൽ സ്വാർത്ഥകവും രസകരവുമാകുന്നു.

ഒരു പ്രവർത്തനം വിശകലനം ചെയ്തുകൊണ്ടാകട്ടെ തുടർപഠനം. നിങ്ങളോരോരുത്തരും ഓരോ ഗ്രീറ്റിംഗ് കാർഡ് തയാറാക്കുന്നു. എന്തൊക്കെ ഘട്ടങ്ങളിലൂടെയാണ് ഗ്രീറ്റിംഗ് കാർഡ് രൂപപ്പെടുക. കാർഡ് അയക്കേണ്ട സന്ദർഭം നിർണയിക്കണം/ഉണ്ടാകണം. കാർഡ് ഉണ്ടാക്കാനുള്ള സാമഗ്രികൾ കണ്ടെത്തണം. ഉചിതമായ ആശംസാ വാക്യങ്ങൾ രചിക്കണം. കാർഡ് അയക്കുന്നതിനുള്ള കവർ നിർമ്മിക്കണം. കാർഡിന്റെ വലിപ്പം അതിന്റെ രൂപകല്പന ഇവയെല്ലാം ചെയ്ത് പൂർത്തിയാക്കിയാലാണ് അയയ്ക്കാൻ കഴിയുക. ഈ പ്രവർത്തനം നിങ്ങൾ തന്നെ ക്ലാസ്മുറിയിൽ ചെയ്തു നോക്കുമല്ലോ.

എന്തൊക്കെ സാമഗ്രികളാണ് വേണ്ടത്?

- കാർഡ് പേപ്പർ
- പേപ്പർ കട്ടർ
- സ്കെയിൽ
- 

ഈ പ്രവർത്തനത്തെ പാഠ്യപദ്ധതിയുടെ ഏതു മേഖലയിലാണ് ഉൾപ്പെടുത്തുക?

- ഉപയോഗയോഗ്യമായ വസ്തുകളുടെ നിർമ്മാണം എന്നതായിരിക്കുമല്ലോ നിങ്ങളുടെ ഉത്തരം. എന്നാൽ വിനോദം എന്ന മേഖലയിലും ഇത് ഉൾപ്പെടുത്താനാവില്ലേ? സൂക്ഷ്മ പരിശോധനയിൽ നമ്മുടെ പ്രവൃത്തിപഠന പ്രവർത്തനങ്ങൾ എല്ലാം തന്നെ പാഠ്യപദ്ധതി വിഭാവനം ചെയ്ത ഏതെങ്കിലും മേഖലകളിൽ ഉൾപ്പെട്ടിരിക്കുന്നതായി കാണാം.

ഏതാനും പ്രവർത്തനങ്ങൾ തെരഞ്ഞെടുത്ത് അവ ഏതൊക്കെ മേഖലയിൽ ഉൾപ്പെടുമെന്ന് കണ്ടെത്തു.

| പ്രവർത്തനം | മേഖല |
|---|---|
| പൂന്തോട്ടനിർമാണവും പരിപാലനവും | വിനോദം<br>ആഹാരം, കൃഷി, പാർപ്പിടം |

ഗ്രീറ്റിംഗ് കാർഡ് നിർമ്മാണമെന്ന പ്രവർത്തനത്തിലൂടെ എന്തൊക്കെ നൈപുണികളാണ് വികസിക്കാൻ സാധ്യതയുള്ളത്?

- അളക്കൽ, മുറിക്കൽ, ഒട്ടിക്കൽ ഇവ വേഗത്തിൽ ചെയ്യാൻ കഴിയുന്നു.
- വ്യത്യസ്തമായ രൂപങ്ങളിൽ കാർഡിനെ ആകർഷകമാക്കുന്ന പ്രവർത്തനത്തിൽ ചിത്രം വര, Vegetable Printing ഇവ ഉപയോഗപ്പെടുത്തുമല്ലോ? അതുമായി ബന്ധപ്പെട്ട നൈപുണികൾക്കും അവസരമൊരുക്കും. ആകർഷകമായ വാക്യങ്ങൾ തിരഞ്ഞെടുക്കാനും അവ ഏറ്റവും ആകർഷകമായ രീതിയിൽ എഴുതാനും ഉള്ള നൈപുണി അനിവാര്യമല്ലേ? ഈ നൈപുണികൾ കൂടാതെ ചില ധാരണകൾ/ആശയങ്ങൾ പ്രവർത്തനത്തിന്റെ ഫലമായി കുട്ടിയിൽ രൂപപ്പെടുമല്ലോ?

കാർഡിനെ ആകർഷകമാക്കുന്ന പ്രധാനപ്പെട്ട ഘടകം അതിന്റെ രൂപകല്പനയാണ്. അതിൽ ആകൃതി, വലിപ്പം ഉപയോഗിച്ചിരിക്കുന്ന ചിത്രങ്ങൾ, വർണ്ണങ്ങൾ എന്നിവക്കെല്ലാം പങ്കുണ്ട്. മനസ്സിൽ തട്ടുന്ന ആശംസാവാക്യമാണ് കാർഡിനെ ഹൃദയസ്പർശിയാക്കുന്നത്. പ്രവർത്തനങ്ങൾ വേഗത്തിൽ ചെയ്യുക എന്ന നൈപുണി പരിഗണിക്കേണ്ടതില്ലേ? ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിലും നൈപുണി വേണം. ഇതോടൊപ്പം നിർധാരണ സാമഗ്രികളെ

സംബന്ധിച്ചുള്ള സമഗ്രമായ ധാരണയും ആവശ്യമുണ്ട്. മുകളമൊട്ടിക്കൽ (budding) എന്ന പ്രവർത്തിലേർപ്പെടുന്ന 7- ാം ക്ലാസ് കുട്ടിക്ക് എന്തൊക്കെ നൈപുണികളും ധാരണകളുമാണ് കൈവരുന്നത് എന്നു നോക്കാം.

## പ്രധാന നൈപുണികൾ :

- മൂർച്ചയേറിയ ഉപകരണങ്ങൾ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുന്നു.
- കൃത്യമായ അളവിൽ ഒട്ടിക്കാനുള്ള മുകുളം മുറിച്ചെടുക്കുന്നു.
- തായ്ച്ചെടിക്ക് കേടുവരാതെ തൊലിപിളർന്ന് വയ്ക്കുന്നതിനുള്ള നൈപുണി.
- ജലം കയറാത്ത രീതിയിൽ മുകുളം കെട്ടിയുറപ്പിക്കുന്നതിനുള്ള നൈപുണി.
-
-
-

## പ്രധാന ആശയങ്ങൾ

- ഗുണമേന്മയുള്ള തൈകൾ ഉല്പാദിപ്പിക്കാനാണ് ബഡ്ഡിംഗ് നടത്തുന്നത്
- ഒരേ വർഗത്തിൽപ്പെട്ട ചെടികളിലാണ് ഈ വിദ്യ പ്രയോഗിക്കുക.
- വ്യത്യസ്തമായ ബഡ്ഡിംഗ് രീതികളുണ്ട്
- ബഡ്ഡ് ചെയ്യാനുള്ള മുകളം അൽപ്പം മൂപ്പുള്ള ചെടിയിൽ നിന്നാണ് എടുക്കേണ്ടത്.
- പല നിറത്തിലുള്ള പൂക്കൾ ഉണ്ടാകാൻ വ്യത്യസ്ത നിറമുള്ള ചെമ്പരത്തികളിൽ നിന്ന് ഒരേ ചെമ്പരത്തിയിൽ ബഡ്ഡു ചെയ്യുന്ന രീതിയുമുണ്ട്.
- കാർഷിക മേഖലയിലെ ഉല്പാദന വർധനവിന് ബഡ്ഡിംഗ് രീതി ഉപയോഗിക്കാറുണ്ട്.

നിങ്ങൾക്കു തന്നെ ഇത്തരത്തിൽ മറ്റു പ്രവർത്തനങ്ങൾ വിശകലനം ചെയ്തു നോക്കാമല്ലോ? പ്രവൃത്തി പരിചയപഠനം നടക്കുമ്പോൾ നൈപൂണീ വികാസം പോലെ ആശയ സാംശീകരണവും ഉറപ്പാക്കേണ്ടതുണ്ട്.

ഗ്രീറ്റിംഗ് കാർഡ് നിർമ്മാണമെന്ന പ്രവർത്തനത്തിൽ പ്രവൃത്തിപഠനം ഏതൊക്കെ വിഷയങ്ങളോട് ബന്ധപ്പെടുത്താൻ കഴിയും.

- ആശംസാവാക്യ നിർമ്മാണമെന്നത് തീർച്ചയായും ഭാഷാപ്രവർത്തനം തന്നെ
- കാർഡിന്റെ ആകൃതി, അളവുകൾ, ഇവയൊക്കെ ഗണിതപഠനവുമായി ബന്ധപ്പെട്ടിരിക്കുന്നു.
- സമചതുരം, ദീർഘചതുരം, വൃത്തം, സമാന്തരരേഖകൾ, പരപ്പളവ്, ചുറ്റളവ് തുടങ്ങിയ പല കാര്യങ്ങളും രസകരമായി പഠിക്കാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്താം.

'മുകുളമൊട്ടിക്കൽ' എന്ന പ്രവർത്തനത്തിൽ ശാസ്ത്രപഠനം തന്നെയാണ് മുഖ്യം. വ്യത്യസ്ത പ്രജനനരീതികളെക്കുറിച്ചുള്ള പഠനമെന്ന ഭാഗത്താണ് അടിസ്ഥാനശാസ്ത്രത്തിൽ ഇത് ഉൾപ്പെട്ടിരിക്കുന്നത്.

## പ്രവൃത്തിപഠനം - പ്രൈമറി പാഠ്യപദ്ധതി

ദേശീയ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നതുപോലെ ആറു പ്രധാന മേഖലകളെ ആധാരമാക്കിയാണ് കേരളത്തിലെ പ്രൈമറി പാഠ്യപദ്ധതി രൂപീകരിച്ചിട്ടുള്ളത്. 1 മുതൽ 10 വരെ ക്ലാസുകളിലെ ഈ വിഷയവുമായി ബന്ധപ്പെട്ട് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പഠനനേട്ടങ്ങൾ ഇവിടെ നൽകുന്നു. ഇതിൽ നിന്നും 1 മുതൽ 7 വരെ ക്ലാസ്സുകളിലെ പഠനനേട്ടങ്ങൾ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കുക.

**മേഖല : ആഹാരവും കൃഷിയും**

## ക്ലാസ് 1

**പഠനനേട്ടങ്ങൾ**

1:1:1 കൂട്ടത്തിൽ നിന്ന് പഴങ്ങൾ പച്ചക്കറികൾ എന്നിവ നിർദേശാനുസരണം തെരഞ്ഞെടുക്കുന്നു.

1:1:2 വേവിച്ചതും അല്ലാതെയും കഴിക്കുന്ന പച്ചക്കറികൾ കണ്ടെത്തുന്നു.

1:1:3 ഭക്ഷണം പാഴാക്കാതെ കഴിക്കുന്നു.

## ക്ലാസ് –2

2:1:1 ആഹാര പദാർത്ഥങ്ങൾക്കായി ഉപയോഗിക്കുന്ന സസ്യഭാഗങ്ങളെ കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നു.

2:1:2 വളർത്തുജീവികളിൽ നിന്നും ലഭ്യമാകുന്ന ആഹാര പദാർത്ഥങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നു.

## ക്ലാസ് –3

3:1:1 ലഘുപാനീയങ്ങൾ നിർമ്മിക്കുന്നു.

3:1:2 സമീകൃതാഹാരങ്ങൾ എന്തൊക്കെയെന്ന് കണ്ടെത്തുന്നു.

3:1:3 പച്ചക്കറിത്തോട്ടങ്ങൾ സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കുന്നു.

## ക്ലാസ് – 4

4:1:1 കാർഷികവിളകൾ നിരീക്ഷിച്ച് വിവരങ്ങൾ ശേഖരിക്കുന്നു.

4:1:2 സ്കൂൾ വളപ്പിലും വീട്ടുവളപ്പിലും പച്ചക്കറിത്തോട്ടങ്ങൾ നിർമ്മിക്കുന്നു.

## ക്ലാസ്–5

5:1:1 ലഘുഭക്ഷണപദാർത്ഥങ്ങൾ തയാറാക്കുന്നു.

5:1:2 ആധുനികപാചക ഉപകരണങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നു.

## ക്ലാസ് – 6

6:1:1 ജൈവവളം നിർമ്മിച്ച് ഉപയോഗിക്കുന്നു.

6:1:2 ശാസ്ത്രീയരീതിയിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നു.

## ക്ലാസ് - 7

7:1:1 ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ് എന്നിവ ചെയ്യുന്നു.

7:1:2 വിവിധ കീടനാശിനികൾ നിർമ്മിക്കുന്നു.

7:1:3 സീസണുകളിൽ സുലഭമായി കിട്ടുന്ന പഴവർഗ്ഗങ്ങൾ ഉപയോഗിച്ച് വിവിധ ഭക്ഷണ പദാർത്ഥങ്ങൾ തയാറാക്കുന്നു.

---

## ക്ലാസ് - 8

8:1:1 ഭക്ഷ്യയോഗ്യമായ വിവിധയിനം ഇലകൾ ഉപയോഗിച്ച് രുചികരമായ കറികൾ ഉണ്ടാക്കുന്നു.

8:1:2 ഗ്രോബാഗ് ഫാമിംഗ്, ബോട്ടിൽ ഫാമിംഗ് എന്നീ കൃഷി രീതികൾ ചെയ്യുന്നു.

8:1:3 കാറ്ററിംഗ് പ്രവർത്തനങ്ങൾ നിരീക്ഷിച്ച് വിവരശേഖരണം നടത്തുന്നു.

---

## ക്ലാസ് -9

9:1:1 പഴം പച്ചക്കറി സംസ്ക്കരണം നടത്തുന്നു.

9:1:2 കാറ്ററിംഗ് പ്രവർത്തനത്തിൽ പങ്കാളിയാകുന്നു.

9:1:3 കന്നുകാലി വളർത്തൽ കേന്ദ്രങ്ങൾ സന്ദർശിച്ച് പരിചരണ വിവരങ്ങൾ ശേഖരിക്കുന്നു.

9:1:4 കൂൺ കൃഷി നിർമ്മാണത്തിലേർപ്പെടുന്നു.

---

## ക്ലാസ് - 10

10:1:1 നിശ്ചിത പ്രദേശത്തിന് അനുയോജ്യമായ ഏതെങ്കിലും ഒരു കൃഷിശാസ്ത്രീയമായ രീതിയിൽ ചെയ്യുന്നു

10:1:2 മത്സ്യകൃഷി ഫാം സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കുന്നു.

10:1:3 ലഘു കാറ്ററിംഗ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നു.

മേഖല : ആരോഗ്യവും ആരോഗ്യപരിപാലനവും

## ക്ലാസ് 1

**പഠനനേട്ടങ്ങൾ**

1:2:1 വ്യക്തിശുചിത്വവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ക്ലാസ് 2

2:2:1 ഭക്ഷണം കഴിക്കുന്നതിലും അവശിഷ്ടം നിർമ്മാർജ്ജനം ചെയ്യുന്നതിലും ശുചികരണത്തിലും ആരോഗ്യകരമായ ശീലങ്ങൾ വളർത്തുന്ന പ്രവർത്തനങ്ങളിലേർപ്പെടുന്നു.

2:2:2 വസ്ത്രധാരണത്തിൽ ശുചിത്വം പാലിക്കുന്നു.

## ക്ലാസ് 3

3:2:1 ശുചീകരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുന്നു. (പൊടിതട്ടി നിർമ്മിക്കുന്നു.)

3:2:2 ശുദ്ധജലം മാത്രം ഉപയോഗിക്കാനുള്ള ശീലം വളർത്തുന്നു.

## ക്ലാസ് 4

4:2:1 ഹരിത നിയമം അനുസരിച്ച് പ്രവർത്തിക്കുന്നു.

4:2:2 ശുചീകരണ ഉപകരണങ്ങൾ നിർമ്മിക്കുന്നു.

## ക്ലാസ് 5

5:2:1 ജലശുദ്ധീകരണ മാർഗ്ഗങ്ങൾ മനസ്സിലാക്കുന്നു. ക്ലോറിനേഷൻ പരിശീലിക്കുന്നു.

5:2:2 ജലശുദ്ധീകരണ ഉപകരണങ്ങൾ നിർമ്മിക്കുന്നു.

## ക്ലാസ് 6

6:2:1 ശുചീകരണത്തിനാവശ്യമായ വസ്തുക്കളുടെ നിർമ്മാണം.

6:2:2 വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന ഉപകരണങ്ങളെക്കുറിച്ച് മനസിലാക്കുന്നു.
ശുചീകരണപ്രവർത്തനങ്ങളിൽ പങ്കാളിയാവുന്നു.

## ക്ലാസ് 7

7:2:1 ശരീരശുദ്ധി വരുത്താനാവശ്യമായ വസ്തുക്കൾ നിർമ്മിക്കുന്നു.

| | |
|---|---|
| 7:2:2 | ശുചിത്വ പരിപാലനത്തിന്റെ ഭാഗമായി വിവിധ സാമഗ്രികൾ നിർമ്മിക്കുവാൻ പരിശീലിക്കുന്നു. |

## ക്ലാസ് 8

| | |
|---|---|
| 8:2:1 | മാലിന്യങ്ങളെ വേർതിരിക്കാനും ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കാനുള്ള ശേഷി നേടുന്നു. |
| 8:2:2 | ഔഷധതോട്ടം നിർമ്മിച്ച് പരിപാലിക്കുന്നു. |

## ക്ലാസ് 9

| | |
|---|---|
| 9:2:1 | ദന്തസംരക്ഷണത്തിനാവശ്യമായ പ്രകൃതിജന്യവസ്തുക്കൾ നിർമ്മിക്കുന്നു. |
| 9:2:2 | ജൈവവൈവിധ്യം പരിപോഷിപ്പിക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. |

## ക്ലാസ് 10

| | |
|---|---|
| 10:2:1 | വസ്ത്രങ്ങളിലെഅഴുക്ക് നീക്കം ചെയ്യുന്നതിനാവശ്യമായ വസ്തുക്കൾ നിർമ്മിക്കുന്നു. |

## മേഖല - ക്ലാസ് 1

വ്യക്തിശുചിത്വം അതീവ പ്രാധാന്യമുള്ളതാണ് ശുചിത്വമില്ലായ്മ രോഗ കാരണമാകുന്നു. മനുഷ്യൻ സമൂഹജീവിയായതുകൊണ്ട് തന്നെ ഒരാളിലുള്ള രോഗാവസ്ഥ മറ്റൊരാളിലേക്ക് പകരാൻ എളുപ്പമാണ്. വ്യക്തി ശുചിത്വം പാലിക്കുക എന്നത് ഓരോ വ്യക്തിയുടേയും കടമയാണ്. ഈ കടമ നിറവേറ്റണമെങ്കിൽ വ്യക്തി ശുചിത്വവുമായി ബന്ധപ്പെട്ട് അവബോധം ലഭിക്കേണ്ടതുണ്ട്.

L.O : വ്യക്തിശുചിത്വവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## പ്രക്രിയ/പ്രവർത്തനങ്ങൾ

(i) ചർച്ച :- വ്യക്തിശുചിത്വത്തിന്റെ പ്രസക്തി

(ii) ഐ.സി.റ്റി :- വ്യക്തിശുചിത്വം പാലിക്കാനുള്ള വിവിധ പ്രവർത്തനങ്ങൾ (പല്ല് തേപ്പ്, നഖംവെട്ടൽ, കുളി, വെടിപ്പുള്ള വസ്ത്രം, മുടിചീകൽ, തുടങ്ങിയവ) കുട്ടികൾ കാണുന്നു.

(iii) വ്യക്തിശുചിത്വമില്ലാത്തവരുടെ ചിത്രങ്ങൾ കാണുന്നു. രോഗം വന്നാൽ വ്യക്തിശുചിത്വംപാലിക്കാൻ എന്തൊക്കെ ചെയ്യാനാവും? ആരോഗ്യ പ്രവർത്തകരുമായി അഭിമുഖം.

(iv) വ്യക്തിശുചിത്വം പാലിക്കാൻ കുട്ടികൾ അവരവരുടെ വീടുകളിൽ ചെയ്യുന്ന പ്രവർത്തനങ്ങൾ പങ്കു വെക്കുന്നു. (Random)

iv) കുട്ടികളിലെ വ്യക്തിശുചിത്വം അധ്യാപിക മോണിറ്റർ ചെയ്യുന്നു. ക്ലാസിൽ അവതരിപ്പിക്കുന്നു.

(vi) ക്ലാസ് പി.ടി.എ യോഗങ്ങളിൽ വ്യക്തിശുചിത്വം പാലിക്കേണ്ടതിനെക്കുറിച്ച് ചർച്ച ചെയ്യുന്നു. കുട്ടികളുടെ വ്യക്തിശുചിത്വത്തെക്കുറിച്ച് അധ്യാപിക റിപ്പോർട്ടിംഗ് നടത്തുന്നു.

## മൂല്യനിർണയം

- ശുചിത്വപരിപാലനത്തിനുള്ള ക്ലാസ്തല പ്രവർത്തനങ്ങൾ
- കുട്ടിയുടെ പങ്കാളിത്തം
- കുട്ടിയുടെ ശുചിത്വശീലം

## ക്രോഡീകരണം

വ്യക്തിശുചിത്വമുള്ള ഒരു സമൂഹം വളർന്നു വരുന്നു.

**മേഖല : വസ്ത്രം**

## ക്ലാസ് 1

**പഠനനേട്ടങ്ങൾ**

| | |
|---|---|
| 1:3:1 | വൃത്തിയുള്ള വസ്ത്രങ്ങളും മുഷിഞ്ഞ വസ്ത്രങ്ങളും വേർതിരിച്ചു സൂക്ഷിക്കുന്നു. |

## ക്ലാസ് 2

| | |
|---|---|
| 2:3:1 | വിവിധ ജോലികളുടെ ഭാഗമായി ധരിക്കുന്ന വസ്ത്രങ്ങളെ കുറിച്ചറിയുന്നു. |
| 2:3:2 | വീടുകളിൽ തുണികളുടെ വിവിധ ഉപയോഗങ്ങൾ തിരിച്ചറിയുന്നു. |

## ക്ലാസ് 3

| | |
|---|---|
| 3:3:1 | അനുയോജ്യമായ തുണികളിൽ/വസ്ത്രങ്ങളിൽ വെജിറ്റബിൾ പ്രിന്റിംഗ് ചെയ്യുന്നു. |
| 3:3:2 | കാലവസ്ഥയ്ക്കനുയോജ്യമായ വസ്ത്രങ്ങളും വസ്ത്രധാരണ രീതികളും നിരീക്ഷിക്കുന്നു. പരിചയപ്പെടുന്നു. |

## ക്ലാസ് 4

| | |
|---|---|
| 4:3:1 | തുണികളെ ഫേബ്രിക്ക് പെയിന്റു ചെയ്ത് മനോഹരമാക്കുന്നു. |
| 4:3:2 | വെജിറ്റബിൾ കാർവ് ചെയ്ത് തുണികളിൽ പ്രിന്റു ചെയ്യുന്നു. |

## ക്ലാസ് 5

| | |
|---|---|
| 5:3:1 | തുണികൾ സ്റ്റെൻസിൽ പ്രിന്റു ചെയ്ത് മോടി കൂട്ടുന്നു. |
| 5:3:2 | ലളിതമായ അലങ്കാരതയ്യലുകൾ തുണികളിൽ ചെയ്യുന്നു. |

## ക്ലാസ് 6

| | |
|---|---|
| 6:3:1 | തുണികൾ ടൈ ആന്റ് ഡൈ ചെയ്ത് മനോഹരമാക്കുന്നു. |
| 6:3:2 | ലളിതമായ വസ്ത്രങ്ങൾ നിർമ്മിച്ച് ഉപയോഗിക്കുന്നു. |
| 6:3:3 | വസ്ത്രങ്ങളിൽ തുറപ്പുകളും കുടുക്കുകളും തയ്ക്കുന്ന വിധം തിരിച്ചറിയുന്നു. |

## ക്ലാസ് 7

| | |
|---|---|
| 7:3:1 | വസ്ത്രങ്ങളിൽ/തുണികളിൽ നൂതനവും ശാസ്ത്രീയവുമായ പ്രിന്റിംഗ് രീതികൾ ചെയ്യുന്നു. |
| 7:3:2 | വസ്ത്രങ്ങളിലെ കേടുപാടുകൾ തീർത്ത് ഉപയോഗയോഗ്യമാക്കുവാനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു. |
| 7:3:3 | തുണികളിൽ വിവിധയിനം പച്ചക്കറികളിൽ കെർവ് ചെയ്ത് പ്രിന്റിംഗ് ചെയ്യുന്നു. |

## ക്ലാസ് 8

| | |
|---|---|
| 8:3:1 | വിവിധ വസ്ത്രനിർമാണ യൂണിറ്റുകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ നിരീക്ഷിച്ച് റിപ്പോർട്ട് തയാറാക്കുന്നു. |
| 8:3:2 | വിവിധതരം വസ്ത്രങ്ങൾ നിർമിക്കുന്നു. |
| 8:3:3 | തുണികളിൽ/വസ്ത്രങ്ങളിൽ അലങ്കാരതുന്നലുകൾ ചെയ്യുന്നു. |

## ക്ലാസ് 9

| | |
|---|---|
| 9:3:1 | തുണികളുടെ വിവിധ ഉല്പാദന രീതികൾ അവയുടെ നിർമ്മാണ കേന്ദ്രങ്ങൾ സന്ദർശിച്ച് ആവശ്യമായ സാധനസാമഗ്രികൾ തിരിച്ചറിയുന്നു. |
| 9:3:2 | ആധുനിക പ്രിന്റിംഗ് രീതികളുപയോഗിച്ച് വസ്ത്രങ്ങൾ മോടിപിടിപ്പിക്കുന്നു. |

## ക്ലാസ് 10

| | |
|---|---|
| 10:3:1 | ആധുനിക രീതിയിൽ വസ്ത്രങ്ങൾ രൂപകല്പന ചെയ്യുന്നതിനും അതിനുപയോഗിക്കുന്ന ഉപകരണങ്ങളെക്കുറിച്ചും നിർമ്മാണ വസ്തുക്കളെക്കുറിച്ചും അറിയുന്നു. |
| 10:3:2 | തയ്യൽമെഷീന്റെ ഭാഗങ്ങൾ പരിചയപ്പെടുന്നു. പ്രവർത്തിപ്പിക്കൽ, റിപ്പയറിംഗ് എന്നിവയിൽ ഏർപ്പെടുന്നു. |

**മേഖല : പാർപ്പിടം**

**പഠനനേട്ടങ്ങൾ**

| | |
|---|---|
| 1.4.1 | വിവിധതരം പാർപ്പിടങ്ങളുടെ ചിത്രങ്ങൾ ശേഖരിക്കുന്നു. പേപ്പർ ഉപയോഗിച്ച് വിവിധതരം വീടുകളുടെ മാതൃകകൾ നിർമ്മിക്കുന്നു. |
| 2.4.1 | വിവിധയിനം വീടുകളുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം നിർമ്മിക്കുന്നു. |
| 3.4.1 | വിവിധയിനം ജീവജാലങ്ങളുടെ വാസസങ്കേതങ്ങളുടെ ചിത്രങ്ങൾ ശേഖരിക്കുന്നു. ചിത്രങ്ങൾ വരയ്ക്കുന്നു. മാതൃ കകൾ നിർമ്മിക്കുന്നു. |
| 4.4.1 | ഉചിതമായ വസ്തുക്കൾ ഉപയോഗിച്ച് വീടിന്റെ വിവിധ മാതൃകകൾ നിർമ്മിക്കുന്നു. |
| 5.4.1 | വിവിധതരം വീട്ടുപകരണങ്ങളുടെ മാതൃകകൾ വ്യത്യസ്ത വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുവാൻ കഴിയുന്നു. |
| 6.4.1 | വീട്ടുപകരണങ്ങൾ-പെൻസിൽ ട്രേ, വെൻബോക്സ് മൾട്ടി പർപ്പസ്, ബോക്സ്, അച്ചപ്പത്തിനുള്ള അച്ച് തുടങ്ങിയവ നിർമ്മിക്കുന്നു. |
| 7.4.1 | വേപ്പിയർ മേഷ്, പ്ലാസ്റ്റർ ഓഫ് പാരീസ് ഇവ ഉപയോഗിച്ച് ഗൃഹാലങ്കാരവസ്തുക്കൾ നിർമ്മിക്കുന്നു. |
| 8.4.1 | വിവിധ വസ്തുക്കൾ ഉപയോഗിച്ച് ഗൃഹാലങ്കാര വസ്തു ക്കൾ നിർമ്മിക്കുന്നതിന് കഴിയുന്നു. |
| 8.4.2 | തടികൊണ്ടുള്ള ഗാർഹിക ഉപകരണങ്ങളോ മാതൃകകളോ നിർമ്മിക്കുന്നതിനു കഴിയുന്നു. |
| 9.4.1 | ആധുനികരീതിയിലുള്ള വയറിംഗ് ചെയ്യുന്നു. ഉപകരണ ങ്ങളുടെ റിപ്പയറിംഗ് നടത്തുന്നു. ലഘു ഇലക്ട്രിക് ഉപക രണങ്ങൾ നിർമ്മിക്കുന്നു. |
| 9.4.2 | വീട്ടുപകരണങ്ങൾ റിപ്പയർ ചെയ്ത് ഉപയോഗയോഗ്യമാക്കി മാറ്റുന്നു. |
| 10.4.1 | കെട്ടിടനിർമ്മാണത്തിനുള്ള പ്ലാൻ, ഫ്രണ്ട് എലിവേഷൻ ഇവ തയാറാക്കുന്നു. |
| 10.4.2 | പ്ലംബിംഗ്, വയറിംഗ് എന്നിവ ചെയ്യുന്നു. |

**മേഖല** **വിനോദം**

## ക്ലാസ് 1

**പഠനനേട്ടങ്ങൾ**

1:5:1 വിവിധതരം ഇലകൾകൊണ്ട് തോരണങ്ങൾ നിർമ്മിക്കുന്നു.

1:5:2 ഓല, ഇല ഉപയോഗിച്ച് വിവിധ കളിപ്പാട്ടങ്ങൾ നിർമ്മിക്കുന്നു.

## ക്ലാസ് 2

2:5:1 വർണ്ണ കടലാസ് ഉപയോഗിച്ച് ദിനാചരണങ്ങൾക്ക് ആവശ്യമായ തോരണങ്ങൾ നിർമ്മിക്കുന്നു.

2:5:2 വിവിധ വസ്തുക്കൾ ഉപയോഗിച്ച് കളിപ്പാട്ടങ്ങൾ നിർമ്മിക്കുന്നു.

## ക്ലാസ് 3

3:5:1 വിവിധ വസ്തുക്കൾ ഉപയോഗിച്ച് വിവിധതരം ആശംസാകാർഡുകൾ നിർമ്മിക്കുന്നു.

3:5:2 ദിനാചരണങ്ങൾക്ക് വിവിധ വസ്തുക്കൾ ഉപയോഗിച്ച് വിവിധതരം ബാഡ്ജുകൾ നിർമ്മിക്കുന്നു.

## ക്ലാസ് 4

4:5:1 പ്രാദേശികമായി ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് അലങ്കാരവസ്തുക്കൾ, കൗതുകവസ്തുക്കൾ, ഉപയോഗയോഗ്യമായ വസ്തുക്കൾ നിർമ്മിക്കുന്നു.

4:5:2 വ്യത്യസ്ത ചിത്രങ്ങൾ, വ്യത്യസ്ത വസ്തുക്കളുടെ പ്രതലങ്ങളിൽ പകർത്തി കൗതുക വസ്തുക്കൾ നിർമ്മിക്കുന്നു.

## ക്ലാസ് 5

5:5:1 വിവിധ ആഘോഷവേളയിൽ പ്രകൃതിക്ക് അനുയോജ്യമായ വസ്തുക്കൾ ഉപയോഗിച്ച് അലങ്കാരവസ്തുക്കൾ നിർമ്മിക്കുന്നു.

5:5:2 പേപ്പറുകൾ ഉപയോഗിച്ച് ഉപയോഗപ്രദമായ വസ്തുക്കളും കൗതുകവസ്തുക്കളും നിർമ്മിക്കുന്നു.

5:5:3 വിവിധ വസ്തുക്കൾ, വിവിധതരം പേപ്പറുകൾ ഇവ ഉപയോഗിച്ച് അലങ്കാരവസ്തുക്കൾ നിർമ്മിക്കുന്നു.

5:5:4 വിവിധ വസ്തുക്കൾ ഉപയോഗിച്ച് കൗതുകവസ്തുക്കൾ നിർമ്മിക്കുന്നു.

## ക്ലാസ് 6

6:5:1 വിവിധതരം വർണ്ണകടലാസുകൾ ഉപയോഗിച്ച് അലങ്കാരവസ്തുക്കൾ നിർമ്മിക്കുന്നു.

| | |
|---|---|
| 6:5:2 | ചുറ്റുപാടുകളിൽ നിന്നും ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് കൗതുകവസ്തുക്കൾ നിർമ്മിക്കുന്നു. |
| 6:5:3 | വിവിധ വസ്തുക്കൾ ഉപയോഗിച്ച് കൗതുക വസ്തുക്കൾ നിർമ്മിക്കുന്നു. |

## ക്ലാസ് 7

| | |
|---|---|
| 7:5:1 | വിവിധവസ്തുക്കൾ ഉപയോഗിച്ച് കൗതുകവസ്തുക്കൾ നിർമ്മിക്കുന്നു. |
| 7:5:2 | വിവിധതരം വർണ്ണകടലാസുകൾ ഉപയോഗിച്ച് കൗതുകവസ്തുക്കൾ നിർമ്മിക്കുന്നു. |
| 7:5:3 | പ്രകൃതിദത്ത വസ്തുക്കൾ ഉപയോഗിച്ച് അലങ്കാരവസ്തുക്കളും കൗതുകവസ്തുക്കളും നിർമ്മിക്കുന്നു. |
| 7:5:4 | വ്യത്യസ്ത ചിത്രങ്ങൾ വ്യത്യസ്ത വസ്തുക്കളുടെ ചിത്രങ്ങളുടെ പ്രതലങ്ങളിൽ പകർത്തി കൗതുകവസ്തുക്കൾ നിർമ്മിക്കുന്നു. |

## ക്ലാസ് 8

| | |
|---|---|
| 8:5:1 | ഗൃഹാലങ്കാരവസ്തുക്കൾ നിർമ്മിക്കുന്നു. |
| 8:5:2 | വ്യത്യസ്ത ചിത്രങ്ങൾ വ്യത്യസ്ത വസ്തുക്കളുടെ പ്രതലങ്ങളിൽ പകർത്തി കൗതുകവസ്തുക്കൾ നിർമ്മിക്കുന്നു. |
| 8:5:3 | പ്ലാസ്റ്റർ ഓഫ് പാരീസ്, പേപ്പർ പൾപ്പ് ഇവ ഉപയോഗിച്ച് കൗതുകവസ്തുക്കളും മാതൃകകളും നിർമ്മിക്കുന്നു. |

## ക്ലാസ് 9

| | |
|---|---|
| 9:5:1 | വിവിധതരം നൂലുകൾ ഉപയോഗിച്ച് പാറ്റേണുകളും അലങ്കാരവസ്തുക്കളും നിർമ്മിക്കുന്നു. |
| 9:5:2 | പ്രകൃതിയിൽ നിന്നും ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് കൗതുകവസ്തുക്കളും ഉപയോഗയോഗ്യമായ വസ്തുക്കളും നിർമ്മിക്കുന്നു. |
| 9:5:3 | കളിമണ്ണ്, പേപ്പർ പൾപ്പ്, പ്ലാസ്റ്റർ ഓഫ് പാരീസ് എന്നിവ ഉപയോഗിച്ച് വിവിധ രൂപങ്ങളും അലങ്കാരവസ്തുക്കളും നിർമ്മിക്കുന്നു. |

## ക്ലാസ് 10

| | |
|---|---|
| 10:5:1 | ചിരട്ട ഉപയോഗിച്ച് ഉപയോഗശൂന്യമായ വസ്തുക്കളും കൗതുകവസ്തുക്കളും നിർമ്മിക്കുന്നു. |

| മേഖല : | സേവനം |
|---|---|
| ക്ലാസ് 1 | പേപ്പർ കുമ്പിളുകൾ, പുഷ്പങ്ങൾ ഉപയോഗിച്ചുള്ള ലഘു ബൊക്കകൾ നിർമ്മിക്കാൻ പരിശീലിക്കുന്നു. |
| ക്ലാസ് 2 | കടലാസുകൾ അളന്ന് മുറിച്ച് മടക്കി ഒട്ടിക്കുന്നു.<br>ചുറ്റുപാടുമുള്ള വിവിധ വസ്തുക്കളുടെ ആകൃതിയും നിറവും തിരിച്ചറിഞ്ഞ് അവയെ അറക്കപൊടി, മണൽ എന്നീ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്നു. |
| ക്ലാസ് 3 | മുഖമൂടികൾ നിർമ്മിക്കുന്നു.<br>പഴയതുണികൾ ഉപയോഗിച്ച് മോപ്പ് നിർമ്മിക്കുന്നു. |
| ക്ലാസ് 4 | മുത്തുകൾ ഉപയോഗിച്ച് ആഭരണങ്ങൾ രൂപകല്പന ചെയ്യുന്നു.<br>ക്ലാസ്റൂമിലേക്കാവശ്യമായ ഡസ്റ്റർ, ഡസ്റ്റ്ബിൻ തുടങ്ങിയ ഉപകരണങ്ങൾ നിർമ്മിക്കുന്നു.<br>വിവിധ കടലാസുകൾ ഉപയോഗിച്ച് വിവിധതരം കവറുകൾ നിർമ്മിക്കുന്നു. |
| ക്ലാസ് 5 | ക്ലാസ്റൂം പ്രവർത്തനങ്ങൾക്കാവശ്യമായ നോട്ടുബുക്കുകൾ (80 പേജ്) നിർമ്മിക്കുന്നു.<br>ചാർട്ട് പേപ്പർ ഉപയോഗിച്ച് ടാൻഗ്രാം നിർമ്മിച്ച് വിവിധ രൂപങ്ങൾ ക്രമീകരിക്കുന്നു. |
| ക്ലാസ് 6 | പ്ലാസ്റ്റിക് നിർമ്മാർജനത്തിന്റെ ഭാഗമായി പേപ്പർ ക്യാരി ബാഗുകൾ നിർമ്മിച്ച് ഉപയോഗിക്കുന്നു.<br>ക്ലാസ്റൂം പ്രവർത്തനങ്ങൾക്കാവശ്യമായ നോട്ടുബുക്കുകൾ (120 പേജ്) നിർമ്മിച്ച് ഉപയോഗിക്കുന്നു.<br>സ്കൂൾ പ്രവർത്തനങ്ങൾക്കാവശ്യമായ സ്റ്റേഷനറി ഉൽപന്നങ്ങൾ നിർമ്മിക്കുന്നു. |
| ക്ലാസ് 7 | പ്ലാസ്റ്റിക് നിർമ്മാർജനത്തിന്റെ ഭാഗമായി തുണി ഉപയോഗിച്ച് സഞ്ചി നിർമ്മിക്കുന്നു.<br>സ്കൂൾ പ്രവർത്തനങ്ങൾക്കാവശ്യമായ സ്റ്റേഷനറി ഉൽപന്നങ്ങൾ നിർമ്മിക്കുന്നു.<br>പ്രകൃതിദത്ത കേശസംരക്ഷണ മാർഗ്ഗങ്ങൾ തിരിച്ചറിയുന്നു. ഒഷധസസ്യങ്ങൾ പരിചയപ്പെടുന്നു. |

| | |
|---|---|
| **ക്ലാസ് 8** | ഓഫീസ് സ്റ്റേഷനറി, റൈറ്റിംങ് ബോർഡ്, ക്ലിപ്പ് ഫയൽ എന്നിവ നിർമ്മിക്കുന്നു.<br>റക്സിൻ, ക്യാൻവാസ് തുടങ്ങിയവ ഉപയോഗിച്ച് ഉല്പന്നങ്ങൾ നിർമ്മിക്കുന്നു.<br>ഓഫീസ് ആവശ്യങ്ങൾക്കുള്ള അക്കൗണ്ട് ബുക്ക് (200 പേജ്) നിർമ്മിക്കുന്നു.<br>കൗതുക വസ്തുക്കൾ നിർമ്മിക്കുന്നു. |
| **ക്ലാസ് 9** | കയറുപയോഗിച്ച് വിവിധതരം ചവിട്ടികളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>അലുമിനിയം ഫാബ്രിക്കേഷൻ പ്രവർത്തനങ്ങൾ ചെയ്യുന്നു.<br>ഗൃഹോപകരണങ്ങളുടെ കേടുപാടുകൾ പരിഹരിക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നു.<br>മൊബൈൽ ഫോൺ റിപ്പയറിംഗ്, റോബോട്ടിക്സ് തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപെടുന്നു. |
| **ക്ലാസ് 10** | പ്രകൃതിദത്ത സൗന്ദര്യവർദ്ധക വസ്തുക്കൾ നിർമ്മിച്ച് ഉപയോഗിക്കുന്നു.<br>മുള, പി.വി.സി, പൈപ്പ്, ചിരട്ട, കാർഡ് ബോർഡ് എന്നിവ ഉപയോഗിച്ച് ലാമ്പ് ഷേഡ് നിർമ്മിക്കുന്നു.<br>ലോഹത്തകിടുകൊണ്ട് വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കുന്നു. |

സോഴ്സ്ബുക്ക്  അധ്യാപകർക്കുള്ള ഒരു മാർഗ്ഗ രേഖയാണ് എന്നറിയാമല്ലോ? അവയെല്ലാം സാംശീകരിച്ച് തന്റേതായ കൂട്ടിച്ചേർക്കലോടെ ക്ലാസുമുറിയിൽ ഉപയോഗപ്പെടുത്തുമ്പോഴാണ് അധ്യാപന പ്രക്രിയ സഫലവും സാർത്ഥകവുമാകുന്നത്.

ഒരുദാഹരണം  പരിശോധിക്കാം.

'L.O.' ലഘുഭക്ഷണ സാധനങ്ങൾ സ്വന്തമായി തയാറാക്കുന്നതിനു കഴിയുന്നു. (Std VI)

പാഠ്യപദ്ധതി വിനിമയത്തിന്റെ ആദ്യപടി ആസൂത്രണമാണ്. പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത് പഠനനേട്ടത്തിൽ ഉൾചേർന്നിരിക്കുന്ന ആശയങ്ങൾ, നൈപുണികൾ, ധാരണ കൾ എന്നിവ എല്ലാ കുട്ടികളും നേടുന്നതിന് പര്യാപ്തമായ രീതിയിലാകണം, അപ്പോൾ ആദ്യം വേണ്ടി വരിക ആശയങ്ങളും നൈപുണികളും കണ്ടെത്തുക തന്നെയാണ്. മേൽപറഞ്ഞ പഠന നേട്ടത്തിൽ എന്തൊക്കെ ആശയങ്ങളാണ് കടന്നു വരിക. ഭക്ഷ്യവസ്തുക്കൾ അപ്പോഴത്തെ ആവശ്യത്തിന് തയാറാക്കുന്ന രീതിയും ദീർഘകാല ആവശ്യത്തിന് പ്രത്യേകമായി തയാറാ ക്കുന്ന രീതിയും ഉണ്ട്. ഉദാ: അച്ചാർ, സ്ക്വാഷ് തുടങ്ങിയവ കുറച്ചുകാലത്തേക്ക് ഉപയോഗിക്കാ നുള്ള സംസ്കരണരീതിയാണ്. ഉപ്പ്, എണ്ണ, പഞ്ചസാര തുടങ്ങിയവ ഉപയോഗപ്പെടുത്തിയാണ് സൂക്ഷ്മജീവികൾ, പൂപ്പൽ എന്നിവയുടെ ആക്രമണത്തെ തടയുന്നത്. ദീർഘകാലം സൂക്ഷി ക്കേണ്ടി വരുന്ന ഭക്ഷ്യവസ്തുകളിൽ ചില കൃത്രിമ പ്രിസർവേറ്റീവുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ അച്ചാറുകളിൽ പൂപ്പൽ ബാധിക്കാതിരിക്കാൻ എണ്ണയുടെ ഒരു പാളി മുകളിൽ വരത്ത ക്കവണ്ണം എണ്ണ ചേർക്കണം. അല്ലെങ്കിൽ എണ്ണ മുക്കിയ തുണി അച്ചാറിനു മുകളിൽ വിരി ച്ചാലും മതി. ഓരോന്നിലും വേണ്ട ചേരുവ സംബന്ധിച്ച ധാരണയും ഉണ്ടാകണം.

## നൈപുണി

- മാങ്ങ, നാരങ്ങ അച്ചാറിന്റെ പാകത്തിൽ മുറിച്ചെടുക്കുന്നതിലുള്ള നൈപുണി.
- ചേരുവകൾ ശരിയായ രീതിയിൽ ചേർത്ത് അച്ചാറുകൾ രൂപപ്പെടുത്തുന്നതിനുള്ള നൈപു ണി.
- എണ്ണ, സ്റ്റൗ, പാത്രങ്ങൾ ഇവ കൈകാര്യം ചെയ്യുന്നതിലുള്ള നൈപുണി.
- ഉചിതമായ പാത്രങ്ങളിൽ പകർന്നുവക്കുന്നതിനും സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുന്ന തിനുമുള്ള  നൈപുണി.

സ്ക്വാഷ് ഉണ്ടാക്കുമ്പോൾ പഴങ്ങൾ പിഴിഞ്ഞോ വേവിച്ചോ അരിച്ചെടുക്കുന്നതിനും പഞ്ച സാര ചേർത്ത് പാകപ്പെടുത്തി എടുക്കുന്നതിനുമുള്ള നൈപുണിയാണ് പരിഗണിക്കേണ്ടത്.

ഈ പഠനപ്രവർത്തനം ക്ലാസിൽ നടക്കുമ്പോൾ ആശയങ്ങളും ധാരണകളും രൂപപ്പെടാൻ വേണ്ടി യുള്ള ധാരണ, ചർച്ച, വിദഗ്ദ്ധരുമായുള്ള അഭിമുഖം തുടങ്ങിയ വൈവിധ്യമാർന്ന രീതികൾ ഉപയോഗിക്കാം. ഓഡിയോ-വിഷൽ സംവിധാനങ്ങളും ഇപ്പോൾ ലഭ്യമാണല്ലോ? നിർമ്മാണ പരമായ പ്രവർത്തനഘട്ടത്തിൽ ഒരോ കുട്ടിയ്ക്കും വ്യക്തിഗത ശ്രദ്ധ നൽകിയാൽ മാത്രമേ നൈപുണി വികാസം ഉറപ്പിക്കാൻ കഴിയൂ.

ഭക്ഷ്യവസ്തുക്കളുടെ സംസ്കരണത്തിൽ ഉൾച്ചേർന്നു വന്നിരിക്കുന്ന ശാസ്ത്രത്തിന്റെ അംശം നേരത്തെ സൂചിപ്പിച്ചുവല്ലോ? ഭക്ഷ്യസംസ്കരണത്തിന്റെ സാമൂഹികവും സാമ്പത്തിക ശാസ്ത്ര പരമായ അംശം കൂടി പഠനത്തിന്റെ ഭാഗമായി മാറേണ്ടതുണ്ട്.

ക്ലാസ് 5 ലെ പഠനനേട്ടങ്ങൾ വിശകലനം ചെയ്യാം.

| **പഠനനേട്ടങ്ങൾ** | **ഇതര വിഷയങ്ങളുമായുള്ള ബന്ധം** | **ബന്ധിപ്പിക്കൽ എങ്ങനെ?** |
|---|---|---|
| ചുറ്റുപാടു നിന്നും ലഭിക്കുന്ന ഭക്ഷ്യവിഭവങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ലഘുഭക്ഷണ പദാർത്ഥങ്ങൾ തയാറാക്കുന്നു | പരിസരപഠനം<br>ഭാഷ | നാട്ടിൽ ലഭ്യമായ ഭക്ഷ്യവിഭവങ്ങൾ പട്ടികപ്പെടുത്തൽ, അവയുടെ പോഷ കഘടകങ്ങൾ കണ്ടെത്തി രേഖപ്പെടുത്തൽ, അഭിമുഖത്തിലൂടെയുള്ള വിവരശേഖരണം, ഭക്ഷണം പാകപ്പെടുത്തൽ, പാചകക്കുറിപ്പ് തയാറാക്കൽ, പതിപ്പ് നിർമ്മാണം. |
| സ്വന്തമായി പച്ചക്കറി ത്തോട്ടം നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. | ഭാഷ<br>ഗണിതം<br>പരിസരപഠനം | പൂന്തോട്ട പരിപാലനവുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ വായന, ചർച്ച.<br>പൂന്തോട്ടം തോതനുസരിച്ച് പ്ലാൻ തയാറാക്കൽ, ചെടികൾക്കനുയോജ്യമായ വളം തെരഞ്ഞെടുക്കൽ, ജൈവ കീടനാശിനി നിർമ്മാണം, പ്രയോഗം. |
| കുടിവെള്ളം വൃത്തിയായും ശുദ്ധിയായും ലഭ്യമാക്കുന്നതിനു കഴിയുന്നു. | ഭാഷ<br>പരിസരപഠനം | ജലസ്രോതസ്സുകൾ, ശുദ്ധജല സംരക്ഷണം ഇവയുമായി ബന്ധപ്പെട്ട ബോധവൽക്കരണപ്രവർത്തനം. പോസ്റ്റർ നിർമ്മാണം ജലശുദ്ധീകരണമാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തുന്നു. |
| പത്രങ്ങളിൽ ഫേബ്രിക് പെയിന്റ് ചെയ്യുന്നു. | കലാപഠനം<br>പ്രവൃത്തിപഠനം | ചിത്രംവര, വർണ്ണ സംയോജനം, നിറം പിടിപ്പിക്കൽ<br>- ഫേബ്രിക് പെയിന്റിങ്ങിന്റെ പ്രത്യേകത മനസിലാക്കിയുള്ള പ്രയോഗം |
| വിവിധതരം വീട്ടുപകരണങ്ങളുടെ മാതൃക വ്യത്യസ്ത വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുവാൻ കഴിയുന്നു. | പ്രവൃത്തിപഠനം<br>ഗണിതം | ഉള്ളളവും പുറത്തെ അളവും തമ്മിലുള്ള ബന്ധം, പ്രാധാന്യം ഇവ തിരിച്ചറിയുന്നു. |
| വിവിധതരം അലങ്കാരവസ്തുക്കൾ നിർമ്മിക്കുന്നു. | കലാപഠനം | ചിത്രരചന |
| ആവശ്യമായ നോട്ടുബുക്കുകൾ സ്വന്തമായി നിർമ്മിക്കുന്നു. | ഗണിതം | പേപ്പർ അളവുകൾ സംബന്ധിച്ച ധാരണ, വിലതാരതമ്യം, ലാഭം, നഷ്ടം ഇവ |

ഇതുപോലെ എല്ലാ ക്ലാസുകളിലുമുള്ള പഠനനേട്ടങ്ങളെ ബന്ധിപ്പിക്കാനുള്ള സാധ്യത കണ്ടെത്തുകയും പട്ടിക തയാറാക്കുകയും ചെയ്യുമല്ലോ? വിശദമായ കുറിപ്പുകൾ തയാറാക്കി ചർച്ചക്കു വിധേയമാക്കാം.

## ഇതര വിഷയങ്ങളിൽ പ്രവൃത്തിപഠന സാധ്യതകൾ

6- ാം ക്ലാസിലെ ബലവും ചലനവും എന്ന യൂണിറ്റ് (അടിസ്ഥാനശാസ്ത്രം) ഉദാഹരണമായി എടുക്കാം. ഇതിൽ പെൻസിൽ വെട്ടികൊണ്ടാണ് പ്രവർത്തനം തുടങ്ങുന്നത്. ഒരു പെൻസിൽ വെട്ടി ഉപയോഗിച്ച് പെൻസിൽ കൂർപ്പിക്കുമ്പോൾ കിട്ടുന്ന തടിയുടെ ലോലമായ പാളി ഒരു പേപ്പറിൽ ഒട്ടിച്ചെടുത്താൽ ആകർഷകമായ പൂക്കളാക്കി മാറ്റാം. ക്ലാസ്മുറിയോ പഠനമുറിയോ അലങ്കരിക്കാൻ Wall hang ഉണ്ടാക്കാമല്ലോ? ഒരു ബിന്ദുവിനെ ആധാരമാക്കി ചലിക്കുന്ന പല തരം പമ്പരങ്ങൾ ഉണ്ടാക്കാനും കറക്കാനും പാഠപുസ്തകത്തിൽ തന്നെ നിർദേശം ഉണ്ട്. ഇത് നന്നായി ചെയ്യാൻ തീരുമാനിച്ചാൽ നല്ല പ്രവൃത്തിപഠന പ്രവർത്തനം തന്നെ. ഊഞ്ഞാലിന്റെ ചലനം, പെൻഡുലത്തിന്റെ ചലനം ഇവയൊക്കെ നിർമ്മിച്ച് പരീക്ഷിക്കുകയാണ് അടുത്ത പടി. ദോലനം എന്നു പറയുന്ന ഈ ചലനം നിരീക്ഷിച്ച് പല ശാസ്ത്രതത്വങ്ങളും കണ്ടെത്താൻ കഴിയും. സമാന ചലനങ്ങളെക്കുറിച്ചുള്ള അന്വേഷണത്തിനും ഇതു പ്രേരകമായി തീരും. കളി ക്ലോക്ക് ഉണ്ടാക്കി പെൻഡുലം തൂക്കാനും കുട്ടികൾക്ക് കൗതുകം ഉണ്ടാകും. ചെറിയ പ്ലാസ്റ്റിക് ബോട്ടിൽ ഉപയോഗിച്ച് കളി പങ്ക ഉണ്ടാക്കാനും പാഠത്തിൽ നിർദേശം ഉണ്ട്. റബ്ബർ പോലെയുള്ള വസ്തുക്കൾ കൊണ്ടും കളി പങ്ക ഉണ്ടാക്കാം. മടൽ പൊളിയും ഈർക്കിലും കൊണ്ട് പമ്പരം ഉണ്ടാക്കി കളിക്കുകയും ചെയ്യാം. 5- ാം ക്ലാസ് അടിസ്ഥാനശാസ്ത്രം ഭാഗം 1 ലെ 52, 53 പേജുകളിൽ നൽകിയിട്ടുള്ള കളിപങ്ക ഉണ്ടാക്കാം എന്ന ചിത്രങ്ങൾ പരിശോധിക്കുക. ഇതേ പാഠത്തിലെ 'കമ്പനം കാണാം' എന്ന ഭാഗത്തെ (പേജ് 51) ചിത്രവും പരിശോധിച്ച് നിർമ്മിക്കാവുന്നതാണ്. ഉപകരണങ്ങളുടെ നിർമ്മാണത്തിലൂടെയാണ് കുട്ടി അതിലടങ്ങിയിരിക്കുന്ന ശാസ്ത്രം പഠിക്കുന്നത്.

ആറാം ക്ലാസിലെ ഗണിതത്തിൽ 'വരകൾ ചേരുമ്പോൾ' എന്ന യൂണിറ്റിൽ മട്ടങ്ങൾ വ്യത്യസ്ത രീതിയിൽ ചേർത്തും പലതരത്തിൽ മൂലകൾ ചേർത്തും ജ്യാമിതിയ രൂപങ്ങളും പ്ലാനുകളും ഉണ്ടാക്കുന്നുണ്ട്. രസകരമായ ഒറിഗാമി രൂപങ്ങളുടെ നിർമ്മാണത്തിലേക്ക് വേഗത്തിൽ കടന്നുവരാൻ ഈ യൂണിറ്റ് ഉപയോഗപ്പെടുത്താം. ദീർഘചതുരാകൃതിയിലുള്ള ഒരു പേപ്പറിൽ നിന്ന് അനായാസം മറ്റ് അളവുപകരണങ്ങളുടെ ഒന്നും സഹായമില്ലാതെ സമചതുരം നിർമ്മിക്കാം. സമപാർശ്വത്രികോണങ്ങൾ ഉണ്ടാക്കാം. മട്ടത്രികോണങ്ങൾ ഉണ്ടാക്കാം. വീണ്ടും വീണ്ടും മടക്കുമ്പോഴുണ്ടാകുന്ന ത്രികോണങ്ങളുടെ പ്രത്യേകത കണ്ടെത്തൽ, പൂക്കളുടെ നിർമ്മാണം മറ്റ് ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം ഇവയിലേക്കെല്ലാം കടക്കാനുള്ള ഒരവസരമായി ഈ യൂണിറ്റ് ഉപയോഗപ്പെടുത്താം. കാർഡ് ബോർഡുപയോഗിച്ച് വീടുകളുടെ മാതൃകകൾ നിർമ്മിക്കുന്നത് പഠനപ്രവർത്തനത്തിന്റെ ഭാഗമാക്കി മാറ്റാം. ഇങ്ങനെ നോക്കിയാൽ നിർമ്മാണ പ്രവർത്തനത്തിൽ നിന്ന് യൂണിറ്റിലെ വിഷയപഠനത്തിലേക്കോ വിഷയപഠനത്തിൽ നിന്ന് നിർമ്മാണ പ്രവർത്തനങ്ങളിലേക്കോ അനായാസം കടന്നുവരാൻ കഴിയുന്നതാണ്.

## യൂണിറ്റ് – 2

## ബോധനശാസ്ത്രപരമായ അപഗ്രഥനം

പഠനപ്രവർത്തനങ്ങൾ എങ്ങനെയാവണം, സൂക്ഷ്മതല ലക്ഷ്യങ്ങൾ എന്തൊക്കെയാവണം, എന്തു പ്രക്രിയയിലൂടെയാണ് ലക്ഷ്യത്തിലെത്തുക എന്നിങ്ങനെയുള്ള കാര്യങ്ങൾ നിർണയിക്കാതെ അധ്യാപകന് ഫലപ്രദമായി പ്രവർത്തിക്കാനാവില്ല. ആസൂത്രണമെന്നത് എല്ലാ പ്രവർത്തനങ്ങൾക്കും അനിവാര്യമാണെന്ന ജീവിതാനുഭവവും നിങ്ങൾക്കുണ്ടല്ലോ. ഉദാഹരണത്തിന് നിത്യജീവിതത്തിലെഒരുദാഹരണം നോക്കാം. അടുത്ത ദിവസം എന്തു കറിയാണ് വയ്ക്കേണ്ടതെന്ന് ആലോചിക്കുന്ന വീട്ടമ്മ സാമ്പാർ എന്നു തീരുമാനിക്കുന്നു. സാമ്പാർ വയ്ക്കാൻ വേണ്ട തുവരപ്പരിപ്പ്, പച്ചക്കറികൾ, മുളകുപൊടി, മല്ലിപ്പൊടി, പുളി കടുകുവറുക്കാനുള്ള എണ്ണ ഇവയൊക്കെ ഉണ്ടെന്ന് ഉറപ്പാക്കലാണ് ആദ്യപടി. അതെല്ലാം സജ്ജമാക്കി വച്ചിട്ടുണ്ടെങ്കിൽ പണിയെങ്ങനെ തുടങ്ങും. തുവര വേവിക്കണം. അപ്പോഴേക്കു കഷണം നുറുക്കി വച്ചിരിക്കണം. അതുചേർത്ത് വേവിക്കൽ, ഉപ്പും പുളിയും ചേർക്കൽ – മുളകുപൊടിയും മറ്റും ചേർക്കൽ, ഉപ്പും പുളിയുമൊകക്കെ പാകത്തിനാണോ എന്ന് പരിശോധിച്ചുറപ്പാക്കൽ, ഒടുവിൽ കടുകുവറുത്ത് ചേർക്കുന്നതോടെ സാമ്പാർ റെഡിയാകും. ഇവിടെ കറിക്കുവേണ്ട സാമഗ്രികൾ ഉണ്ടെന്നുറപ്പിക്കലാണ് ഒന്നാം ഘട്ടം. രണ്ടാം ഘട്ടം അതെല്ലാം റെഡിയാക്കി വയ്ക്കലും കറിയുണ്ടാക്കലുമാണ്. അധ്യാപികയുടെ പഠനപ്രവർത്തന നിർവഹണത്തിലും ഇത്തരത്തിൽ രണ്ടുഘട്ടങ്ങളുണ്ട്. ലക്ഷ്യമെന്ത്, അതിനാവശ്യമായ വിഭവങ്ങൾ എന്ത്, എങ്ങനെ നിർവഹണം നടത്തുക എന്നാലോചിക്കുന്ന ഒന്നാം ഘട്ടം. ഇത് ബോധനശാസ്ത്രപരമായ അപഗ്രഥനം. പഠനലക്ഷ്യം എന്താണ് എന്നു നിർണയിച്ചുറപ്പിച്ചിട്ടുണ്ട് പാഠ്യപദ്ധതിയിൽ. അതാണ് പഠനനേട്ടം. ഈ പഠനനേട്ടം സൂക്ഷ്മമായി അപഗ്രഥിച്ചാൽ അതിലെത്തിച്ചേരുന്നതിന് ചില ധാരണകളും ആശയങ്ങളും നൈപുണികളും ആർജിക്കേണ്ടിവരും. അത് പ്രാവർത്തികമാക്കുന്നതിലൂടെ കുട്ടികളിൽ രൂപപ്പെടുന്ന മൂല്യങ്ങളും മനോഭാവങ്ങളും എന്തായിരിക്കും, ഇതെല്ലാം യാഥാർത്ഥ്യമാകണമെങ്കിൽ പഠനപ്രക്രിയ എന്താവണം എന്ന തരത്തിൽ ആലോചിച്ചുറപ്പിക്കുന്ന രണ്ടാം ഘട്ടമാണ് ബോധനശാസ്ത്രപരമായ അപഗ്രഥനം. അത് രേഖപ്പെടുത്തി വയ്ക്കണം താനും. അത് താഴെപ്പറയുന്ന ഒരു പട്ടിക രൂപത്തിലാകുന്നത് സൗകര്യപ്രദമാണ്.

**ക്ലാസ്സ് :** ---------------- **വിഷയം :** ---------------------

**സമയം:** ----------------

| പഠനനേട്ടം | ആശയങ്ങൾ/ ധാരണകൾ | നൈപുണികൾ | മൂല്യങ്ങൾ മനോഭാവങ്ങൾ | സ്വീകരിക്കേണ്ട പ്രക്രിയ | മൂല്യനിർണയം |
|---|---|---|---|---|---|
| | | | | | |

| പഠനപ്രവർത്തനങ്ങൾ | പഠന സാമഗ്രികൾ |
|---|---|
| | |

പഠനപ്രവർത്തനങ്ങളുടെ സൂചനകൾ മാത്രമേ ഇവിടെ ആവശ്യമുള്ളൂ. വിശദമായി പ്രതിപാദിക്കേണ്ടത് പാഠാസൂത്രണഘട്ടത്തിലാണ്. പ്രവർത്തനങ്ങൾ ക്രമമായി നൽകുന്ന രീതി സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

ബോധനശാസ്ത്രപരമായ അപഗ്രഥനത്തിന്റെ മാതൃക ചുവടെ കൊടുക്കുന്നു.

A) പ്രാഥമിക വിവരങ്ങൾ (സ്കൂൾ ക്ലാസ്, ടീച്ചറിന്റെ പേര്, മേഖല, സമയം തുടങ്ങിയവ)

B) പഠനനേട്ടത്തിന്റെ വിശകലനം

| പഠനനേട്ടം | ആശയങ്ങൾ/ ധാരണകൾ | നൈപുണികൾ | മൂല്യങ്ങൾ മനോഭാവങ്ങൾ | സ്വീകരിക്കേണ്ട പ്രക്രിയ | മൂല്യനിർണയം |
|---|---|---|---|---|---|
| വസ്ത്രങ്ങളിൽ ഫേബ്രിക് പെയിന്റ് നടത്തുന്നു. | • വസ്ത്രങ്ങളിൽ ഉപയോഗിക്കുന്നതിനുള്ള പെയിന്റാണ് ഫേബ്രിക് പെയിന്റ്<br>• കഴുകിയുണക്കി ഇസ്തിരിയിട്ട തുണിയിൽ പെയന്റു ചെയ്യുന്നതാണ് ഉചിതമായ രീതി<br>• നിഴലും വെളിച്ചവുമെല്ലാം വ്യക്തമാകത്തക്ക തരത്തിൽ വർണ്ണവിന്യാസം നടത്തുമ്പോഴാണ് ചിത്രം ആകർഷകമാക്കുക. ഇതിനായി നിറങ്ങളുടെ സംയോജനം നടത്തേണ്ടി വരും. | • ചിത്രം വരയ്ക്കുന്നതിനുള്ള നൈപുണി<br>• ബ്രഷുപയോഗിച്ച് വ്യത്യസ്ഥ ആഴത്തിൽ നിറങ്ങൾ വിന്യസിക്കാനുള്ള കഴിവ് | • തന്റെ വസ്ത്രങ്ങൾ, കർച്ചീഫ് തുടങ്ങിയവ ആകർഷകമാക്കാനുള്ള പ്രവണത<br>• നിരീക്ഷിക്കാനുള്ള താത്പര്യം | • ചർച്ച<br>• സാമഗ്രികളുടെ ശേഖരണം<br>• പഴയതുണിയിൽ പെയിന്റ് ചെയ്ത് പരിശീലനം നേടൽ<br>• കാർബൺ പേപ്പർ ഉപയോഗിച്ച് ചിത്രം ആലേഖനം ചെയ്യലും പെയിന്റിംഗ് വിലയിരുത്തലും മെച്ചപ്പെടുത്തലും<br>• വർക്ക് ഡയറി തയാറാക്കാം | • ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിലെ മികവ്<br>• വസ്തുക്കളെപ്പറ്റിയുള്ള ധാരണ<br>• താല്പര്യം, പങ്കാളിത്തം ഇവ<br>• പൂർണ്ണത<br>• ഉല്പന്നം പ്രദർശനവും വിലയിരുത്തലും സൂചകം ഉപയോഗിച്ച് |

| പഠനപ്രവർത്തനങ്ങൾ | പഠന സാമഗ്രികൾ |
|---|---|
| • ഫേബ്രിക് പെയിന്റു ചെയ്ത ഉല്പന്നങ്ങൾ നിരീക്ഷണം<br>• അധ്യാപകന്റെ നേതൃത്വത്തിൽ നട ക്കുന്ന ചർച്ച | • ഫേബ്രിക് പെയിന്റ് ചെയ്ത ഉല്പന്നങ്ങൾ. |
| • ട്രൈ ഔട്ട് - പഴയതുണിയിൽ പെയിന്റ് ചെയ്ത് പരിശീലനം നേടുന്നു. | • പഴയതുണി, ബ്രഷ്, പെയിന്റ്, കോട്ടൺ വേസ്റ്റ് |
| • ആവശ്യമായ തുണി കഴുകി ഉണക്കി ഇസ്തിരിയിട്ട് സജ്ജമാക്കൽ (Home assignment) | • തുണി, ഇസ്തിരിപ്പെട്ടി |
| • ചിത്രം തെരഞ്ഞെടുക്കൽ, വരച്ചു ചേർക്കലും, പെയിന്റിംഗും | • തുണി, ബ്രഷ്, കോട്ടൺ വേസ്റ്റ് |

**കുറിപ്പ്:** ഇതര വിഷയ പഠനവുമായി നേരിട്ടു ബന്ധപ്പെട്ട വരുന്ന പ്രവർത്തനമാണെങ്കിൽ ബോധന ശാസ്ത്രപരമായ അപഗ്രഥനത്തിൽ ആ വിഷയത്തിലെ പഠനനേട്ടം, ആശയങ്ങൾ, എന്നിവ കൂടി പരിഗണിക്കേണ്ടതുണ്ട്.

**ടീച്ചിംഗ് മാനുവൽ**

ബോധനശാസ്ത്രപരമായ അപഗ്രഥനം പൂർത്തിയായാൽ ടീച്ചിംഗ് മാനുവലിലേക്കു കടക്കാം. ടീച്ചിംഗ് മാനുവലിൽ എന്തൊക്കെയാണ് വേണ്ടത്. പ്രാഥമിക വിവരങ്ങൾ, വിഷയ മേഖല, സമയം, പഠന നേട്ടം പ്രവർത്തനക്രമം, വിലയിരുത്തൽ ഇവയാണ് മുഖ്യമെന്ന് നിങ്ങൾക്കറിയാമല്ലോ? ഒരു ടീച്ചിംഗ് മാനുവൽ പരിയയപ്പെടാം

നോട്ടുബുക്ക് നിർമാണം എന്ന പ്രവർത്തനത്തിന്റെ ടീച്ചിംഗ് മാനുവൽ മാതൃകയായി കൊടുത്തിരിക്കുന്നു. ബോധനശാസ്ത്രപരമായ അപഗ്രഥനം നിങ്ങൾ തന്നെ തയാറാക്കുമല്ലോ?

1. പ്രാഥമിക വിവരങ്ങൾ

| | | |
|---|---|---|
| ടീച്ചറിന്റെ പേര് | : | |
| ക്ലാസ്സ് | : | |
| വിഷയം | : | പ്രവൃത്തി പഠനം |
| മേഖല | : | ഉപയോഗയോഗ്യമായ വസ്തുക്കളുടെ നിർമ്മാണം |
| പഠനനേട്ടങ്ങൾ | : | ആവശ്യമായ നോട്ടുബുക്കുകൾ സ്വന്തമായി നിർമ്മിക്കുവാൻ കഴിയുന്നു. |
| ഉപകരണങ്ങൾ/ സാമഗ്രികൾ | : | പേപ്പർ, വലിയ സൂചി നൂൽ കാലിക്കോ, സ്ട്രോബോർഡ് വാർണീഷ് പേപ്പർ, പേപ്പർ കട്ടർ പശ |

| പ്രക്രിയ | പ്രതികരണം |
|---|---|
| • ബുക്ക് ബയന്റിംഗ് ആവശ്യകത, ചർച്ച<br>• ബയന്റു ചെയ്ത് ബുക്ക് അഴിച്ചു പരിശോധന, ചർച്ച<br>• ന്യൂസ് പേപ്പർ മടക്കി തയ്യലിട്ട് പരിശീലനം നേടൽ<br>• പേപ്പർ സൂക്ഷ്മതയോടെ മടക്കി അടുക്കുകളാക്കി വയ്ക്കൽ<br>• തയ്ക്കേണ്ട സ്ഥലം അടയാളപ്പെടുത്തൽ<br>• തയ്ച്ച് ചേർക്കൽ<br>• സ്ട്രോബോർഡ് പാകത്തിന് മുറിച്ചെടുക്കൽ<br>• കാലിക്കോ ഒട്ടിക്കൽ<br>• ബയന്റ് ചെയ്യൽ, ഒട്ടിക്കൽ<br>• ബയന്റ് ചെയ്ത് ഭംഗിയായി അരിഞ്ഞെടുക്കൽ നിർമിച്ച ബുക്കുകൾ പ്രദർശിപ്പിച്ച് സ്വയം വിലയിരുത്തുന്നു. പരസ്പരം വിലയിരുത്തുന്നു. വർക്ക് ഡയറി തയാറാക്കുന്നു. | |